08 August 2026

BSE Limited
Corporate Relationship Department
First Floor, New Trading Ring
Rotunda Building
P.J. Towers, Dalal Street
Mumbai – 400 001.

Dear Sir,

Sub: Newspaper Advertisement in respect of Notice of Annual General Meeting to be held on 29th August, 2026 pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015

In terms of Regulation-47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, we are enclosing herewith a copy of the newspaper cutting of the Notice of Annual General Meeting to be held on Saturday, 29th August, 2026 published in daily newspapers Business Line (English - All Editions) and Matrubhumi - Thrissur Edition (Malayalam) dated 08th August 2026.

Thanking You,

Yours faithfully,

For **KSE** Limited

SRIVIDYA DAMODARAN

Digitally signed by SRIVIDYA DAMODARAN
Date: 2026.08.08 12:48:28 +05'30'

Srividya Damodaran
Company Secretary

QUICKLY.

BEML Q1 revenue rises 29%, loss narrows

Bengaluru: Defence public sector undertaking BEML Ltd reported a 29 per cent year-on-year rise in revenue from operations in Q1FY27, while its net loss narrowed sharply and operating earnings turned positive. The company's consolidated revenue from operations rose to ₹819.62 crore from ₹633.99 crore in the corresponding quarter of the previous financial year. BEML's consolidated net loss narrowed to ₹27.01 crore during the quarter from ₹64.11 crore in Q1 FY26. ANI

Muthoot Microfin Q1 profit rises to ₹81 crore

New Delhi: Muthoot Microfin Ltd posted a multifold jump in net profit at ₹81 crore in the first quarter ended June 2026, helped by increased loan disbursement. The non-banking financial company-micro finance institution earned a profit of ₹6 crore in the year-ago period. Total income also rose to ₹671 crore from ₹559 crore in the year-ago period. PTI

SBI expects $10 b via FCNR(B) by Sept-end

GREAT INNINGS. Bank has garnered $6 billion so far, says Setty

Our Bureau
Mumbai


State Bank of India Chairman CS Setty PTI

The State Bank of India should be able to mobilise about $10 billion via Foreign Currency Non-Resident (Bank)/FCNR (B) deposits by September-end under the RBI's limited period concessional swap facility, going by the current traction on this front, said Chairman CS Setty.

Further, the FCNR (B) deposit inflows will give India's largest bank a clear visibility on liquidity and help reduce its dependence on bulk deposits. Setty observed that while the SBI had no specific target on mobilising FCNR (B) deposits, it had garnered almost $6 billion so far (between June 8 and till date).

GIFT CITY OPERATIONS

On providing leverage support to NRI customers for placing fresh FCNR (B) deposits with the bank, the SBI chief said it is provided by the SBI's own branches and via its GIFT City operations.

"We have a SBLC (standby letter of credit) product also. But it is not widely used at this moment... We have raised a billion dollars via the overseas foreign currency borrowing route, but our first priority now is to fund FCNR(B) deposits," he said.

Highlighting the bank's excess liquidity, including surplus statutory liquidity ratio/SLR securities worth ₹3.09 lakh crore, Setty said that the 10-11 per cent deposit growth rate will comfortably provide the adequate funding for 14-15 per cent credit growth.

He expects the surplus SLR to swell to about ₹4 lakh crore.

The SBI chief said: "I think we have mobilised a good number [FCNR (B) deposits], and we have good visibility on the mobilisation going forward... We do not foresee any interest rate change on these deposits."

Setty said that large banks, which are able to mobilise FCNR (B) deposits, will reduce their dependence on bulk/wholesale deposits on which differential interest rates are quoted by banks.

NBFC credit up 14.4% in June

Our Bureau
Mumbai

Outstanding credit extended by non-banking financial companies (NBFCs), including housing finance companies, rose 14.4 per cent year-on-year to ₹59.31 lakh crore in June 2026, reflecting sustained demand across retail, services and agriculture segments.

Retail loans remained the largest component of NBFC lending, growing 20.3 per cent to ₹25.62 lakh crore. Housing loans increased 11.4 per cent to ₹8.44 lakh crore, while vehicle loans rose 15.2 per cent to ₹6.24 lakh crore, highlighting steady consumer demand.

Interestingly, the sharpest growth continued to be seen in loans against gold jewellery, which surged 69.3 per cent year-on-year to ₹3.41 lakh crore.

Gold now accounts for 13.3 per cent of the total NBFC retail loans, nearly doubled compared to 7.7 per cent two years back in June 2024.

Meanwhile, consumer durable loans also recorded strong growth of 46.8 per cent, reaching ₹72,201 crore.

Reserve Bank rejects demerger proposal of Religare Enterprises

Our Bureau
Mumbai

The Reserve Bank of India has rejected the proposed demerger scheme that sought to transfer Religare Enterprises' (REL) lending and financial services business to its subsidiary, Religare Finvest (RFL).

Under the proposed scheme of arrangement, REL was to retain its stake in Care Health Insurance and continue as an insurance-focused entity. The financial services business, comprising lending, broking, investment activities and related ancillary and support services, was proposed to be transferred to RFL on a going-concern basis.

Following the demerger, both REL and RFL were expected to be listed separately on the stock exchanges.

In February, the company's Board of Directors approved the demerger plan, and in July, it received no-objection certificates from both NSE and BSE.

Both REL and RFL had submitted applications to the RBI seeking its no-objection to the scheme.

REL said it had received a letter from the central bank, stating that the application had been examined and that the request had not been acceded to.

A similar communication was received by RFL. "REL and RFL will engage with the regulator and provide further clarifications as may be required in this regard," the company said. As per the proposed arrangement, shareholders were to receive one share of Religare Finvest for every share held in Religare Enterprises.

Incidentally, market regulator SEBI closed its long-running investigation into the company in July, disposing of a show-cause notice issued in 2024 without imposing any penalty.

NO REASON STATED

The demerger was designed to provide Religare's lending and insurance businesses with distinct identities, allowing each entity to operate with its own listed shares and dedicated investor base.

For now, however, the restructuring plan has been put on hold until the company addresses the concerns raised by the RBI. The regulator has not disclosed the specific reasons for rejecting the proposal.

Carborundum Universal Q1 profit up 23%

Our Bureau
Chennai

Murugappa Group company Carborundum Universal reported a positive set of results for the quarter ended June 2026 (Q1FY27). Consolidated net profit (after tax and non-controlling interest) was ₹76 crore, a 23 per cent growth, compared to ₹62 crore in Q1FY26. In the quarter, consolidated sales stood at ₹1,411 crore, growing around 17 per cent, compared to sales of ₹1,207 crore in Q1FY26. On a standalone basis, PAT was ₹88 crore compared to ₹77 crore in Q1FY26, excluding the one-time dividend of ₹68 crore received from a subsidiary in Q1FY26.

> **In the quarter, consolidated sales stood at ₹1,411 crore, growing around 17 per cent**

The abrasives segment grew 20.1 per cent y-o-y to touch ₹610 crore. Ceramics and Electrominerals segments grew 16.5 per cent and 16.8 per cent, respectively, compared to Q1FY26.

'SC judgment won't have big impact on motor third-party portfolio'

Mithun Dasgupta
Kolkata


Anil Aggarwal, MD and CEO, Shriram General Insurance Company BIJOY GHOSH

Shriram General Insurance does not expect the Supreme Court's judgment on compensation under the Motor Vehicles Act to have a major impact on its motor third-party portfolio.

Notably, the Supreme Court, in a recent judgment delivered on June 11, recognised the economic value of unpaid domestic work performed by homemakers while determining the compensation under the Motor Vehicles Act.

"We are analysing the impact. As we are having a large book, we have done the analysis. I don't think there will be much of a big impact on our books," Anil Aggarwal, MD & CEO, Shriram General Insurance, told *businessline*.

The Supreme Court judgment provides for compensation under a distinct head — loss of domestic care — based on a monthly income of ₹30,000 with a periodic increase to reflect inflation and socio-economic changes. Motor third-party (TP) loss ratio of the general insurance industry is expected to increase due to this judgment.

MOTOR PREMIUM

For Shriram General Insurance, over 90 per cent of its income, comes from the motor segment premium.

In the motor segment, around 73 per cent and 27 per cent of the premium come from TP and own damage (OD) insurance, respectively.

On the company's strategies to grow its motor segment going forward, Aggarwal said: "My strategy is not to see OD and TP separately. My strategy is always to see overall premium, whether it is profitable or not. Overall, whether OD plus TP and acquisition costs are leaving something on the table. That is the philosophy we are adopting."

In the first quarter this fiscal, its motor segment premium grew 25 per cent year-on-year, compared with industry growth of 14 per cent y-o-y. The insurer, jointly owned by Shriram Group and Sanlam Group of South Africa, posted a 23 per cent y-o-y growth in premium income in Q1FY27, exceeding industry growth of 11 per cent y-o-y.

HEALTH INSURANCE

Aggarwal said the company is expecting its premium income to grow 20 per cent in the current financial year. The company plans to expand its distribution network by increasing the financial advisor base to 2 lakh by FY30. It is gradually strengthening its presence in the health insurance segment.

ICICI Lombard unveils motor cyber insurance for digitally connected cars

G Naga Sridhar
Hyderabad


Gaurav Arora, Chief Commercial Lines & Motor (Underwriting & Claims)

Your car is no longer just a machine on wheels — it is a connected digital device. From smartphones and infotainment systems to navigation and payment apps, modern vehicles are increasingly plugged into the digital ecosystem, creating vulnerabilities to cyber threats.

Addressing this emerging risk, ICICI Lombard has introduced India's first motor cyber insurance cover.

The motor cyber cover protects customers against cyber incidents affecting the insured vehicle.

"Today, our ecosystem is digitally connected, with a vast number of smartphones being used by both individuals and businesses. Vehicles, too, are increasingly connected to digital devices. Electric vehicles are inherently more software-driven, but even conventional fuel-powered cars now come equipped with advanced software and connectivity features, making them vulnerable to cyberattacks," Gaurav Arora, Chief Commercial Lines & Motor (Underwriting & Claims) told *businessline*.

WHAT'S COVERED?

The cover extends to losses resulting from hackers gaining access to financial data or digital assets through a connected vehicle. It also provides protection against incidents such as cyber-enabled vehicle immobilisation or lockouts, where attackers demand a ransom to restore access, as well as damage to vehicle software caused by hacking.

"We saw a clear need to address this emerging risk and developed what we believe is an industry-first motor cyber insurance cover for customers using connected vehicles. The cover will be available as an optional rider for policyholders who wish to opt for it," said Arora.

The motor cyber cover covers risks such as unauthorised access, hacking, digital compromise, cyber extortion, theft of funds and legal liabilities arising from cyber attacks through the vehicle and its connected devices.

The cover also pays for restoring the access and reinstallation of software affected due to cyber incidents. Additionally, it also covers indemnification for direct financial loss arising out of unauthorised access of digital wallets.

PFRDA eyes NPS AUM of ₹40 lakh cr in four years

Our Bureau
Kolkata

The Pension Fund Regulatory and Development Authority (PFRDA) expects assets under management (AUM) of the national pension system (NPS) to grow to around ₹40 lakh crore in the next four years, from around ₹18 lakh crore at present, driven by the addition of at least two to three crore new subscribers from the non-government sector annually.

Currently, around 15 per cent of the AUM of NPS comes from the non-government sector.

SUBSCRIBER BASE

Total subscribers of NPS, a defined contribution pension system, from the non-government sector stands at around 90 lakh at present.

"With the new digital platforms coming in, we are hoping to see at least two to three crore new subscribers coming in annually. In the first year it may not be so much, but in a full year, say if we take the next year, the full year, we should certainly hope to get two to three crore," PFRDA Chairperson S Ramann told mediapersons in Kolkata on Friday.

NETWORKING EVENT

PFRDA organised an outreach event for mutual fund distributors on StAR NPS and NPS in the city.

"We are especially inviting mutual fund distributors to come on to StAR NPS. They are already familiar with BSE StAR MF. We are now advising the mutual fund distributors to bring in their customers into NPS as well. Mutual funds today have a holding period of average two-and-a-half years. But, NPS is that account where you cannot take your money out... If you don't keep your money for 15 years, you would never see the growth of the money," said Ramann.

As aviation demand surges, Safran explores expanding India presence beyond engines

Rohit Vaid
New Delhi

French aerospace major Safran is exploring opportunities to expand its presence in India beyond aircraft engines as the country's rapidly growing aviation market creates demand across multiple segments of the aerospace ecosystem.

'INDIA, KEY PRIORITY'

Speaking to *businessline*, Safran India CEO and Country Head JS Gavankar said India's aviation growth story has made the market a strategic priority for the company across its business verticals, including propulsion, equipment and interiors.

"India's aviation growth story is compelling enough to attract every division of Safran," Gavankar added.

The company's comments come at a time when Indian airlines have placed aircraft orders exceeding 2,000 planes, creating long-term demand for aeroengine, aviation components, cabin solutions and maintenance services.

At present, Safran has operations in India focused on areas that include aircraft engines and aerospace equipment, but the company sees potential for deeper engagement across the aviation value chain.

"With Indian carriers having ordered over 2,000 aircraft and a rapidly growing passenger base, the demand pull for aviation interior solutions, including MRO, is enormous," said Gavankar.

The company, however, did not disclose any specific timeline or investment plan for the future in India.

The expansion of aircraft manufacturing and services capabilities has become a key focus area for India as the country seeks to increase domestic value addition in aviation.

Besides aircraft operations, the growth of airlines is expected to create demand for aircraft interiors, seating systems, cabin equipment and other aviation-related products. Safran's India revenue is targeted to increase multifold over the coming years, with deeper participation across multiple business lines expected to support this growth.

"Safran will triple its revenue to exceed €3 billion by 2030, of which half will be generated by our sites in India. In the near future, Safran will double its supplier network as part of its plan to expand the supplier ecosystem in India," he said.

SOURCING ACTIVITY

Furthermore, Safran has announced plans to multiply sourcing activity from India by five times by 2030 as Indian aerospace suppliers become integrated into its global supply chain.

UPI services to be free for consumers

Press Trust of India
New Delhi

Consumers and small merchants will continue to enjoy free Unified Payments Interface (UPI) services even as the Lok Sabha passed a Bill to amend the Payment and Settlement Systems Act, 2007, the Payments Council of India said on Friday.

In a post on X, the association said: "UPI has always been free for consumers since its launch in 2016. Every Indian can continue making instant digital payments without paying any transaction charges."

The Payments Council of India said small merchants, including kirana stores, will also continue to accept UPI payments without paying the merchant discount rate.

നീറ്റ് ചോദ്യച്ചോർച്ച

അന്തസ്സംസ്ഥാന ഗൂഢാലോചന നടന്നെന്ന് സി.ബി.ഐ.

ന്യൂഡൽഹി ▸ നീറ്റ് യു.ജി. ചോദ്യക്കടലാസ് ചോർത്തുന്നതിന് അന്തർസംസ്ഥാന ക്രിമിനൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് സി.ബി.ഐ. വിഷയവിദഗ്ധരായ അധ്യാപകർ ചോർത്തിയ ചോദ്യങ്ങൾ ഇടനിലക്കാർവഴി കോച്ചിങ് കേന്ദ്രങ്ങളിലേക്കും പിന്നീട് വിദ്യാർഥികളിലേക്കും എത്തിച്ചു. ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക ഇടപാടാണ് ഇതുവഴി നടന്നത്. മേയ് മൂന്നിന്റെ പരീക്ഷയ്ക്ക് ദിവസങ്ങൾക്കുമുൻപേ ചോദ്യങ്ങൾ വിദ്യാർഥികൾക്ക് കിട്ടി. 2025 നവംബർമുതൽത്തന്നെ ഇതിന്റെ നീക്കം തുടങ്ങിയിരുന്നു. രഹസ്യ ഇടപാടുകൾക്ക് വാട്സാപ്പും ടെലഗ്രാമുമാണ് പ്രതികൾ ഉപയോഗിച്ചത്.

മുഖ്യപ്രതികൾ എൻ.ടി.എ. വിദഗ്ധർ

എൻ.ടി.എ.യുടെ വിഷയ വിദഗ്ധരായ അധ്യാപകരാണ് കേസിലെ ഒന്നും രണ്ടും മൂന്നും പ്രതികൾ. ബോട്ടണി-സുവോളജി വിദഗ്ധ മനീഷ ഗുരുനാഥ് മന്ദാരെ, കെമിസ്ട്രി വിദഗ്ധൻ പ്രഹ്ലാദ് വിത്തൽറാവു കുൽക്കർണി, ഫിസിക്സ് വിദഗ്ധ മനീഷ സഞ്ജയ് ഹവൽദാർ എന്നിവരാണ് ചോദ്യങ്ങൾ ചോർത്തിയത്. ചോദ്യക്കടലാസിന് നാലുലക്ഷം രൂപവരെ ഈടാക്കിയതായി ചില വിദ്യാർഥികൾ മൊഴിനൽകിയിട്ടുണ്ട്.

രഹസ്യ വാട്സാപ്പ് ഗ്രൂപ്പുകൾ

പുണെ സ്വദേശികളായ മനീഷ മന്ദാരെയും പ്രഹ്ലാദ് കുൽക്കർണിയും തങ്ങളുടെ വസതിയിൽ നീറ്റ് വിദ്യാർഥികൾക്കായി സ്പെഷ്യൽ ക്ലാസുകൾ നടത്തിയിരുന്നു. മനീഷ മന്ദാരെ 'ഫിഫ വേൾഡ് കപ്പ് 2026' എന്നപേരിലും പ്രഹ്ലാദ് കുൽക്കർണി 'നീറ്റ് 2026' എന്ന പേരിലും വിദ്യാർഥികളെ ചേർത്ത് രഹസ്യ വാട്സാപ്പ് ഗ്രൂപ്പുണ്ടാക്കി. പുണെ സ്വദേശിയായ മനീഷ വഘ്മാരെയെന്ന ബ്യൂട്ടീഷ്യനാണ് ഇടനിലക്കാരിയായിനിന്ന് ചോദ്യങ്ങൾ കൂടുതൽപ്പേർക്ക് കൈമാറിയത്. ഇവർക്കാണ് ഫിസിക്സ് വിദഗ്ധ മനീഷ ഹവൽദാർ 66 ചോദ്യം ചോർത്തിനൽകിയത്.

മനഃപാഠമാക്കിയും കുറിച്ചെടുത്തും ചോർത്തി

ഡൽഹിയിലെ എൻ.ടി.എ. ആസ്ഥാനത്തെത്തി നീറ്റ് യു.ജി. ചോദ്യക്കടലാസ് തയ്യാറാക്കിയപ്പോഴാണ് പ്രതികൾ ചോദ്യങ്ങൾ ചോർത്തിയതെന്നാണ് സി.ബി.ഐ. കുറ്റപത്രത്തിലുള്ളത്. പരിഭാഷയുടെ റഫ് നോട്ടുകൾ കുറിച്ചുവെക്കാൻ നൽകിയ കടലാസുകളിൽ ഇവർ ചോദ്യങ്ങളുടെ സൂചനകളും കുറിച്ചുവെച്ചു. പ്രഹ്ലാദ് കുൽക്കർണി ഉത്തരങ്ങളുടെ ഓപ്ഷനടക്കം ഇത്തരത്തിൽ രേഖപ്പെടുത്തി. താമസിക്കുന്ന ഹോട്ടലിൽ തിരിച്ചെത്തി കടലാസിലെ സൂചനകളും ഓർമയുമുപയോഗിച്ച് ചോദ്യങ്ങൾ പകർത്തി. മനീഷ മന്ദാരെയും മനീഷ ഹവൽദാറും എൻ.സി.ഇ.ആർ.ടി. പാഠപുസ്തകത്തിലെ ചോദ്യമുള്ള ഭാഗങ്ങൾ പ്രത്യേകം അടയാളപ്പെടുത്തിവെച്ചിരുന്നതും കണ്ടെത്തി. എൻ.ടി.എ.യുടെ പഴുതുകളും പ്രതികളെ തുണച്ചതായി സി.ബി.ഐ. കണ്ടെത്തി.

കേരളത്തിലും കണ്ണികൾ

ചോദ്യക്കടലാസ് ചോർച്ചയുടെ കണ്ണികൾ കേരളത്തിലേക്കും വ്യാപിച്ചിരുന്നതായി സി.ബി.ഐ. കുറ്റപത്രത്തിലുണ്ട്. കേരളത്തിലെ മെഡിക്കൽ വിദ്യാർഥിക്ക് ചോദ്യങ്ങൾ നേരത്തേ കിട്ടിയതായി കേസ് ആദ്യമന്വേഷിച്ച രാജസ്ഥാൻ പോലീസും കണ്ടെത്തിയിരുന്നു. പത്തനംതിട്ട അടൂരിലെ സ്വകാര്യ മെഡിക്കൽ കോളേജിൽ ഒന്നാംവർഷ എം.ബി.ബി.എസ്. വിദ്യാർഥിയായ ഹിതേഷ് കുമാറിന് ഹോസ്റ്റലിലെ റൂംമേറ്റായ ലക്ഷയ് രാജിൽനിന്ന് ചോർന്ന ചോദ്യക്കടലാസിന്റെ പി.ഡി.എഫ്. ഫയലുകൾ ലഭിച്ചതായി സി.ബി.ഐ. പറയുന്നു. രാജസ്ഥാനിലെ ഝുൻഝുനു സ്വദേശിയായ ലക്ഷയ് രാജ് മുൻപ് സിക്കറിലെ സ്വകാര്യ കോച്ചിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥിയായിരുന്നു. അവിടെ സഹപാഠിയായിരുന്ന രജത് ചൗധരിയെന്നയാൾ തന്റെ അനുജനുവേണ്ടി വാങ്ങിയ ചോദ്യക്കടലാസാണ് ലക്ഷയ് രാജിന് കിട്ടിയത്.

മുഖത്തടിച്ച സംഭവം: അധ്യാപകന് സസ്പെൻഷൻ

ചെർപ്പുളശ്ശേരി ▸ ക്ലാസ്മുറിയിൽ സംസാരിച്ചതിന് വിദ്യാർഥിയുടെ മുഖത്തടിച്ചെന്ന പരാതിയിൽ ആരോപണവിധേയനായ അധ്യാപകൻ ഒ. നൗഷാദിനെ മാനേജ്മെന്റ് സസ്പെൻഡ് ചെയ്തു. തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ ഒൻപതാംക്ലാസ് വിദ്യാർഥി ആദിഷ് കൃഷ്ണയുടെ (14) മുഖത്തടിച്ചെന്നാണ് പരാതി.

അധ്യാപകനെ പുറത്താക്കണമെന്നാവശ്യപ്പെട്ട് വെള്ളിയാഴ്ച രാവിലെ സ്കൂളിലെത്തിയ കെ.എസ്.യു. പ്രവർത്തകർ ഗേറ്റ് പൂട്ടി പ്രതിഷേധിച്ചു. പിന്നാലെ പ്രകടനവുമായെത്തിയ എസ്.എഫ്.ഐ. പ്രവർത്തകർ സ്കൂൾ ഓഫീസിനുമുന്നിൽ കുത്തിയിരിപ്പും തുടങ്ങി. ഇരു സംഘടനാപ്രതിനിധികളും മാനേജ്മെന്റുമായും പ്രധാനാധ്യാപിക എം.വി. സുധയുമായും നടത്തിയ ചർച്ചയിൽ അധ്യാപകനെ താത്കാലികമായി മാറ്റിനിർത്താമെന്ന് അറിയിച്ചെങ്കിലും പുറത്താക്കൽ നടപടി എഴുതിനൽകണമെന്ന ആവശ്യത്തിൽ സമരക്കാർ ഉറച്ചുനിന്നു. ഓഫീസിലേക്ക് തള്ളിക്കയറിയ പ്രവർത്തകരെ പോലീസ് തടഞ്ഞു. അന്തരീക്ഷം കലുഷിതമായതോടെയാണ് മാനേജ്മെന്റ് സസ്പെൻഷൻ നടപടിയിലേക്കു കടന്നത്. ഇതോടെ സ്കൂളിന് അവധി പ്രഖ്യാപിച്ച് ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം വിദ്യാർഥികളെ വിട്ടയക്കുകയായിരുന്നു.

നൊച്ചെലി മുതൽ തിമിംഗിലം വരെ

ഇന്ത്യൻ സസ്തനികളെ അറിയാൻ ഈ പുസ്തകം

എം.ബി. ബാബു
തൃശ്ശൂർ

▸ ഇന്ത്യയിലെ നാനൂറ്റമ്പതിലേറെ സസ്തനി വർഗങ്ങളെക്കുറിച്ച് 'മാമൽസ് ഓഫ് ഇന്ത്യ' എന്ന പേരിൽ സമഗ്രപഠന ഗ്രന്ഥം തയ്യാറാക്കി കാർഷിക സർവകലാശാല വന്യജീവി പഠനവിഭാഗം മേധാവി ഡോ. പി.ഒ. നമീർ. 1000 പേജുള്ള ഗ്രന്ഥമാണിത്. സഹരചയിതാവ് ഒഹയോ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞനും ഡീനുമായിരുന്ന ഡോ. എ.ജെ.ടി. ജോൺസിങ് രണ്ടു വർഷം മുൻപ് മരിച്ചു. ഇപ്പോഴാണ് പുസ്തകം പുറത്തിറങ്ങിയത്.

ഇതിനു മുൻപ് സമാനമായൊരു പുസ്തകം പുറത്തിറങ്ങിയത് 1948-ലാണ്. ബ്രിട്ടീഷുകാരൻ എസ്.എച്ച്. പ്രാട്ടർ ആണ് രചയിതാവ്. 'ദ ബുക്ക് ഓഫ് ഇന്ത്യൻ ആനിമൽസ്' എന്ന ആ പുസ്തകത്തിന്റെ മൂന്നാം പതിപ്പ് 1971-ൽ പുറത്തിറങ്ങിയിരുന്നു. അതിൽ 171 സസ്തനികളെപ്പറ്റിയാണ് പ്രതിപാദിച്ചിരുന്നത്. രണ്ടു പുസ്തകങ്ങളും ബോംബെ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിക്കുവേണ്ടിയാണ് തയ്യാറാക്കിയത്.

ഹാർപ്പർ കോളിൻസ് ആണ് മാമൽസ് ഓഫ് ഇന്ത്യയുടെ പ്രസാധകർ. പത്തുവർഷമെടുത്താണ് പുസ്തകം പൂർത്തിയാക്കിയത്. ഛത്തീസ്ഗഢിലെ ഷിരാഗ് തുമ്പൂർ ആണ് സസ്തനികളുടെ ചിത്രം വരച്ചത്. ഏറ്റവും ചെറിയ സസ്തനിയായ നൊച്ചെലി മുതൽ ഏറ്റവും വലിയ സസ്തനിയായ തിമിംഗിലം വരെ ഈ പുസ്തകത്തിലുണ്ട്. ചീറ്റപ്പുലിയെ ഇന്ത്യയിലേക്ക് എത്തിച്ചതോടെ രാജ്യത്ത് ഒരു സസ്തനിയും വംശനാശം സംഭവിച്ചതായി ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കാണ്ടാമൃഗത്തിന്റെ വകഭേദമായ സുമാത്രൻ, ജാവാൻ എന്നിവ ഇപ്പോൾ ഇന്ത്യയിലില്ല.

രചനയുടെ ഭാഗമായി ഗവേഷണത്തിനായി ഷില്ലോങ്ങോ, ബ്രിട്ടീഷ് മ്യൂസിയം നമീർ സന്ദർശിച്ചിരുന്നു. ഓരോ ഇനം സസ്തനിയും കാണപ്പെടുന്ന സ്ഥലം ഭൂപടമാക്കി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സസ്തനികളുടെ വർഗീകരണം, ശാരീരിക അളവുകൾ, പരിസ്ഥിതി, സംരക്ഷണനില, സംരക്ഷണ വെല്ലുവിളികൾ, പരിപാലന നിർദേശം, രേഖാചിത്രങ്ങൾ, നിലവിലെ സാന്നിധ്യ ഭൂപടം തുടങ്ങിയവ പുസ്തകത്തിലുണ്ട്.



▸ മാമൽസ് ഓഫ് ഇന്ത്യ എന്ന പുസ്തകവുമായി ഡോ. പി.ഒ. നമീർ. ഇടതുകൈയിൽ എസ്.എച്ച്. പ്രാട്ടർ എഴുതിയ ദ ബുക്ക് ഓഫ് ഇന്ത്യൻ ആനിമൽസ് എന്ന പുസ്തകം (ഡോ. എ.ജെ.ടി. ജോൺസിങ് ഇൻസെറ്റിൽ)

ഗുരുദർശന പുരസ്കാരം സച്ചിദാനന്ദന്



തൃശ്ശൂർ ▸ കൊടുങ്ങല്ലൂർ മേത്തല ശ്രീ നാരായണ സമാജത്തിന്റെ 30-ാമത് ഗുരുദർശന പുരസ്കാരം (25,000 രൂപ) കവി കെ. സച്ചിദാനന്ദന്. സാഹിത്യ മേഖലയിലെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.

28-ന് രാവിലെ ഒൻപതിന് മേത്തല ശ്രീനാരായണ സമാജം ചള്ളിയിൽ കൃഷ്ണൻ സ്മാരക ഹാളിൽ സമ്മാനിക്കും. യുവജനക്ഷേമ- കായിക മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. സമാജം പ്രസിഡന്റ് അഡ്വ. എം. ബിജുകുമാർ, വൈസ് പ്രസിഡന്റ് ടി.എസ്. സജീവൻ, ട്രഷറർ കെ.ആർ. അമ്പിളികുമാർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പിഴയിട്ടു, പണി കിട്ടി

ദുരിതാശ്വാസപ്രവർത്തനത്തിനെത്തിയ വാഹനത്തിന് പിഴയിട്ടു, രണ്ടുപേർക്ക് സസ്പെൻഷൻ

അടൂർ(പത്തനംതിട്ട) ▸ പ്രളയദുരിതാശ്വാസ പ്രവർത്തനത്തിന് എത്തിയ വാഹനത്തിന് പിഴ ചുമത്തിയെന്നാരോപിച്ച് രണ്ട് മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥരെ സസ്പെൻഡുചെയ്തു. അടൂർ എം.വി.ഡി. സ്ക്വാഡ് എ.എം.വി.ഐ.മാരായ ബി.എസ്. ലൈജു, എം.ഷമീർ എന്നിവർക്കെതിരേയാണ് നടപടി.

ഓഗസ്റ്റ് അഞ്ചിന് രാവിലെ 11.50-ന് അടൂർ ജനറൽ ആശുപത്രിക്ക് സമീപംവെച്ചാണ് ജീപ്പിന് പിഴയിട്ടത്. നിയമവിരുദ്ധമായി ലൈറ്റുകൾ സ്ഥാപിച്ചതിനായിരുന്നു നടപടി. ഇതുസംബന്ധിച്ച് ആറന്മുള എം.എൽ.എ. അബിൻ വർക്കി ഗതാഗത മന്ത്രിയോട് നേരിട്ട് പരാതിപ്പെട്ടിരുന്നു. തുടർന്നാണ് പിഴയീടാക്കിയ ഉദ്യോഗസ്ഥരുടെ നടപടി അനൗചിത്യമാണെന്നുകണ്ട് സസ്പെൻഡ് ചെയ്തത്.

എന്നാൽ, ഈ അച്ചടക്കനടപടിയിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ കടുത്ത അമർഷത്തിലാണ്.

ആറന്മുളയിലെ ദുരിതാശ്വാസ പ്രവർത്തനത്തിനിടയിലല്ല നടപടിയെന്നും അടൂരിൽ പതിവ് പരിശോധനക്കിടെയാണ് പിഴയിട്ടതെന്നും വകുപ്പ് അധികൃതർ വിശദീകരിക്കുന്നു. ജീപ്പ് വൺവേയിൽ എതിർദിശയിൽ കിടക്കുകയായിരുന്നു. ഇതു കണ്ടാണ് വാഹനം ശ്രദ്ധിച്ചത്. പരിശോധനയിൽ അമിതപ്രകാശമുള്ള ലൈറ്റുകൾക്ക് പുറമേ വണ്ടിയുടെ പുകപരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധിയും കഴിഞ്ഞിരുന്നു. ലൈറ്റുകൾവെച്ചതിന് അയ്യായിരം രൂപ മാത്രമാണ് പിഴയിട്ടത്. 2024-ലും ഇതേ വാഹനത്തിന് നിയമവിരുദ്ധ ലൈറ്റുകൾക്ക് പിഴ ചുമത്തിയിട്ടുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു.

2026 ഏപ്രിലിൽ വാഹനത്തിന്റെ മുന്നിൽ ഇരുന്ന് യാത്ര ചെയ്തവർ സീറ്റ് ബെൽറ്റ് ധരിക്കാഞ്ഞതിന് ഈ വാഹനം എ.ഐ. ക്യാമറയിൽ പതിഞ്ഞിരുന്നു. അന്നും അനധികൃതമായി ലൈറ്റുകൾ വാഹനത്തിൽ ഘടിപ്പിച്ചിരുന്നുവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. പിഴയീടാക്കിയത് ബി.എസ്. ലൈജുവാണ്. വകുപ്പിന്റെ വാഹനത്തിൽത്തന്നെ ഇതൊന്നുമറിയാതെ ഇരിക്കുകയായിരുന്നു എം.ഷമീറെന്നും പറയുന്നു.

ആറൻമുളയിൽ പ്രളയരക്ഷാപ്രവർത്തനത്തിനുവന്ന ഓഫ് റോഡ് വാഹനം തിരിച്ചുപോകുമ്പോഴാണ് പിഴയിട്ടതെന്ന് അബിൻ വർക്കി എം.എൽ.എ. മാധ്യമങ്ങളോട് പറഞ്ഞു. പിഴയിട്ടത് ഔചിത്യമല്ല. തങ്ങൾ ക്ഷണിച്ചിട്ടാണ് അവർ വന്നത്. മൂന്നുദിവസം അവർ അത്രയേറെ അധ്വാനിച്ചു.

നിയമം നടപ്പിലാക്കുമ്പോൾ ഔചിത്യംവേണം. ഇത്തരം നടപടി ആപത്ഘട്ടങ്ങളിലല്ല വേണ്ടതെന്നും അബിൻ വർക്കി എം.എൽ.എ. പറഞ്ഞു. പിഴത്തുക യൂത്ത് കോൺഗ്രസാണ് അടച്ചത്.

എഥനോൾ മിശ്രിത നയം: ഭക്ഷ്യ സുരക്ഷയെ ബാധിക്കുമെന്ന് സി.പി.എം.

ന്യൂഡൽഹി ▸ എഥനോൾ മിശ്രിത നയം നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ നീക്കം ഭക്ഷ്യസുരക്ഷയെയും കർഷക താത്പര്യങ്ങളെയും പാരിസ്ഥിതിക സുസ്ഥിരതയെയും ഗുരുതരമായി ബാധിക്കുമെന്ന് സി.പി.എം. പൊളിറ്റ്ബ്യൂറോ.

എഥനോൾ മിശ്രിത പെട്രോൾ അടിച്ചേൽപ്പിക്കാതെ എഥനോൾ കലർത്താത്ത പെട്രോളും ഉപയോഗിക്കാൻ വാഹനയാത്രികർക്ക് അനുവാദം നൽകണമെന്ന് പി.ബി. പ്രസ്താവനയിൽ പറഞ്ഞു. സാധാരണ പെട്രോളിനേക്കാൾ കുറഞ്ഞ നിരക്കിലുള്ളതാണ് എഥനോൾ മിശ്രിത പെട്രോൾ എന്നായിരുന്നു കേന്ദ്രസർക്കാരിന്റെ വാഗ്ദാനം. എന്നാൽ, ഫലത്തിൽ സാധാരണ പെട്രോൾ വിലയ്ക്ക് തുല്യമായ വിലതന്നെയാണ് ഇ-20 പെട്രോളിനുമെന്നതാണ് അവസ്ഥ.

ഇഷ്ട ബി.ജെ.പി. നേതാവ് അമരീന്ദർ സിങ്ങെന്ന് രാഹുൽ ഗാന്ധി

ഗാന്ധി കുടുംബവുമായുള്ള ബന്ധം തുടരുന്നെന്ന് അമരീന്ദർ

ന്യൂഡൽഹി ▸ തന്റെ ഏറ്റവും പ്രിയപ്പെട്ട ബി.ജെ.പി. നേതാവ് പഞ്ചാബിന്റെ മുൻ മുഖ്യമന്ത്രിയായ ക്യാപ്റ്റൻ അമരീന്ദർ സിങ്ങാണെന്ന് രാഹുൽ ഗാന്ധി.

ഇൻസ്റ്റഗ്രാമിൽ ആരംഭിച്ച യുവാക്കളുമായുള്ള സംവാദ പരിപാടിയായ 'ആസ്ക് മി എനിത്തിങ്ങ്' ൽ ചോദ്യത്തിന് മറുപടിയായാണ് ലോക്സഭാ പ്രതിപക്ഷ നേതാവ് ഇക്കാര്യം പറഞ്ഞത്. "ഞാൻ അദ്ദേഹവുമായി ഹൃദ്യമായ ബന്ധം സൂക്ഷിക്കുന്നു. അദ്ദേഹം എല്ലായ്പ്പോഴും വളരെ കൂളാണ്. നമ്മുടെ സൈനിക ചരിത്രത്തെക്കുറിച്ച് അഗാധമായ അറിവുണ്ട്. ഹലോ, അങ്കിൾ അമരീന്ദർ" ഇൻസ്റ്റയിൽ പങ്കുവെച്ച വീഡിയോയിൽ രാഹുൽ പറഞ്ഞു.

ഇങ്ങനെ കേൾക്കാനായതിൽ സന്തോഷമുണ്ടെന്നും രാഹുലുമായും അമ്മ സോണിയാ ഗാന്ധിയുമായും എന്നും നല്ല ബന്ധം സൂക്ഷിക്കുന്നുണ്ടെന്നും അമരീന്ദർ സിങ് പ്രതികരിച്ചു.

പഞ്ചാബിൽ രണ്ടുതവണ കോൺഗ്രസ് മുഖ്യമന്ത്രിയായിരുന്ന അമരീന്ദർ പിന്നീട് പാർട്ടി വിട്ട് പഞ്ചാബ് ലോക് കോൺഗ്രസ് (പി.എൽ.സി.) രൂപവത്കരിച്ചു. അതിനുശേഷം പി.എൽ.സി. ബി.ജെ.പി.യിൽ ലയിക്കുകയായിരുന്നു.

ദുരിതാശ്വാസം എത്രത്തോളം?

തിരുവനന്തപുരം ▸ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും പ്രകൃതിദുരന്തഭീഷണിയും തുടരുമ്പോൾ, ദുരാതാശ്വാസക്യാമ്പുകളിൽത്തന്നെ താമസിക്കേണ്ട അവസ്ഥയിലാണ് ആയിരക്കണക്കിനാളുകൾ. ഭക്ഷണവും ഉറങ്ങാനുള്ള സൗകര്യവുമുണ്ടെങ്കിലും ചില ക്യാമ്പുകളുടെയെങ്കിലും അവസ്ഥ അത്ര മെച്ചപ്പെട്ടതല്ല.

ആലപ്പുഴ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ പൊതുവേ ഭക്ഷണം, മരുന്ന് തുടങ്ങിയവയ്ക്ക് ബുദ്ധിമുട്ടില്ല. ചെങ്ങന്നൂരിൽ തുടക്കത്തിൽ പരാതികളുണ്ടായി. തിരുവൻവണ്ടൂർ, പാണ്ടനാട് പഞ്ചായത്തുകളിലെ ചില ക്യാമ്പുകളിൽ വെള്ളം കയറുകയും ചെയ്തു. തലവടി ഗ്രാമപ്പഞ്ചായത്തിൽ ക്യാമ്പിൽ അരി തീർന്നു.

ആരോഗ്യവകുപ്പ് ജീവനക്കാർ ക്യാമ്പുകളിലെത്തി ബോധവത്കരണവും വൈദ്യസഹായവും നൽകുന്നുണ്ട്.

സംസ്ഥാനത്ത് ഏറ്റവുമധികം ദുരിതാശ്വാസക്യാമ്പുകൾ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലയിൽ 142 ക്യാമ്പുകളിലായി 3331 കുടുംബങ്ങളിലെ 10,570 പേരുണ്ട്. തുടക്കത്തിൽ ഭക്ഷണത്തിന്റെയും ശുദ്ധജലത്തിന്റെയും ചെറിയ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും പരിഹരിച്ചു. കൂടുതൽ ആളുകളുള്ള ക്യാമ്പുകളിൽ ബയോ ടോയ്‌ലറ്റ് സജ്ജമാക്കാനായിട്ടില്ല.

കോഴഞ്ചേരി, ആറന്മുള മേഖലയിൽ വെള്ളം ഇറങ്ങിയതോടെ ആളുകൾ രാത്രി കിടക്കാൻ മാത്രമേ ക്യാമ്പിലേക്ക് എത്താറുള്ളൂ. റാന്നി മേഖലയിലെ ക്യാമ്പുകളുടെ എണ്ണം കുറഞ്ഞു. വീടുകളിലേക്ക് മടങ്ങുന്നവർക്ക് എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

കോട്ടയം ജില്ലയിൽ 150 ക്യാമ്പുകളിലായി 9750 പേരാണ് താമസിക്കുന്നത്. ചങ്ങനാശ്ശേരി ടൗൺ ഗവ. എൽ.പി. സ്കൂളിൽ ഭക്ഷണം ലഭിച്ചില്ലെന്ന് പരാതി വന്നു. തൊട്ടടുത്ത ക്യാമ്പിൽ എത്തി കഴിക്കാൻ ചില ഉദ്യോഗസ്ഥർ പറഞ്ഞത് തർക്കത്തിനിടയാക്കി. വൈകീട്ടോടെ പ്രശ്നം പരിഹരിച്ചു.

വയനാട്ടിൽ നാലു ദുരിതാശ്വാസ ക്യാമ്പുകളാണുള്ളത്. മാനന്തവാടിയിൽ വെള്ളപ്പൊക്കഭീഷണിയിൽ എത്തിയ 44 കുടുംബങ്ങൾ ക്യാമ്പ് ഒഴിഞ്ഞു, 57 കുടുംബങ്ങളാണ് തുടരുന്നത്. മഴ കുറഞ്ഞതിനാൽ ഈ ക്യാമ്പുകൾ പിരിച്ചുവിടാനുള്ള നീക്കത്തിലാണ് അധികൃതർ. ബത്തേരി താലൂക്കിൽ ഒരു ക്യാമ്പാണുള്ളത്. ഇവിടെ പത്തു കുടുംബങ്ങളുണ്ട്. രണ്ടിടത്തും ക്യാമ്പിൽ പ്രയാസങ്ങളിലില്ല.

കോഴിക്കോട് ജില്ലയിൽ ക്യാമ്പുകളിൽ ശേഷിക്കുന്നത് 99 കുടുംബങ്ങളിലെ 237 പേരാണ്. വെള്ളമൊഴിഞ്ഞതിനെത്തുടർന്ന് പലരും മടങ്ങി.

കണ്ണൂർ ജില്ലയിൽ രണ്ട് ദുരിതാശ്വാസക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. നരിക്കോട്ട് മല ക്യാമ്പിൽ നരിക്കോട്ട് മല ഉന്നതിയിലെ 10 കുടുംബങ്ങളാണുള്ളത്. അഞ്ചു കുടുംബങ്ങളാണ് കോളയാട് പഞ്ചായത്തിലെ ക്യാമ്പിലുള്ളത്.

കാസർകോട് ജില്ലയിൽ പാലാവയൽ വില്ലേജിലെ തയ്യേനി ഗവ. ഹൈസ്കൂളിലെ ദുരിതാശ്വാസക്യാമ്പിൽ നിലവിൽ 152 പേരുണ്ട്.

ശനിയാഴ്ച വൈദ്യുതിയില്ലെന്ന പരാതിയുണ്ടായിരുന്നു. ഞായറാഴ്ചയോടെ വൈദ്യുതി പുനഃസ്ഥാപിച്ചു. വെള്ളമിറങ്ങിയതോടെ മറ്റു ക്യാമ്പുകൾ പിരിച്ചുവിട്ടു.

ജസ്റ്റിസ് യശ്വന്ത് വർമയുടെ പേരിൽ കേസെടുക്കണമെന്ന ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി ▸ ഡൽഹിയിലെ ഔദ്യോഗിക വസതിയിൽനിന്ന് വൻതോതിൽ പണം കണ്ടെത്തിയ സംഭവത്തിൽ മുൻ ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയുടെപേരിൽ കേസെടുക്കണമെന്ന ഹർജി സുപ്രീംകോടതി തള്ളി.

രാജിവെച്ചതുകൊണ്ടുമാത്രം ജഡ്ജിചെയ്ത കുറ്റം ഇല്ലാതാകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി അഡ്വ. ഘനശ്യാം ഉപാധ്യായ നൽകിയ ഹർജിയാണ് ജസ്റ്റിസ് പി.എസ്. നരസിംഹ അധ്യക്ഷനായ ബെഞ്ച് പരിഗണിക്കാൻ വിസമ്മതിച്ചത്. വിലകുറഞ്ഞ പബ്ലിസിറ്റിക്കുവേണ്ടിയുള്ള ഹർജിയാണിതെന്നും സുപ്രീംകോടതി കുറ്റപ്പെടുത്തി.

ഇതേ ആവശ്യമുന്നയിക്കുന്ന ഹർജി നേരത്തേ തള്ളിയതാണെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

ആകാശക്കുതിപ്പിൽ വീണ്ടും ചരിത്രമെഴുതി ഭാവന

'ടോപ് ഗൺ' യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ വനിതാ പൈലറ്റ്

ന്യൂഡൽഹി ▸ ഇന്ത്യൻ വ്യോമസേനയുടെ ഫൈറ്റർ കോംബാറ്റ് ലീഡർ കോഴ്സ് വിജയകരമായി പൂർത്തിയാക്കി സ്ക്വാഡ്രൺ ലീഡർ ഭാവനാ കാന്ത് വീണ്ടും ചരിത്രം കുറിച്ചു. ഈ യോഗ്യത നേടുന്ന രാജ്യത്തെ ആദ്യ വനിതയാണ് 33-കാരിയായ ഭാവന.

ഗ്വാളിയറിലെ ടാക്റ്റിക്സ് ആൻഡ് എയർ കോംബാറ്റ് ഡിവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റിൽ നടന്ന 20 ആഴ്ച നീണ്ട യുദ്ധവിമാന പരിശീലനം ഭാവന പൂർത്തിയാക്കി. സങ്കീർണമായ വ്യോമാക്രമണങ്ങൾ ആസൂത്രണം ചെയ്യാനും യുദ്ധവിമാനങ്ങളെ നയിക്കാനും പ്രാപ്തമാക്കുന്നതാണ് ഈ കോഴ്സ്.

രാജ്യചരിത്രത്തിലെ ആദ്യത്തെ മൂന്ന് വനിതാ ഫൈറ്റർ പൈലറ്റുമാരിൽ ഒരാളായി 2016-ലാണ് ഭാവന വ്യോമസേനയിൽ ചേർന്നത്. 2018-ൽ മിഗ്-21 ബൈസൺ യുദ്ധവിമാനത്തിൽ തനിച്ച് പറന്ന്, പകൽ സമയത്തെ വ്യോമ ദൗത്യങ്ങൾക്ക് യോഗ്യത നേടുന്ന ആദ്യ വനിതയായി. പിന്നീട് സുഖോയ്-30 എം.കെ.ഐ. വിമാനവും പറത്തി.

2021-ലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത ആദ്യ വനിതാ ഫൈറ്റർ പൈലറ്റായി. രാജ്യം 'നാരീ ശക്തി പുരസ്കാരം' നൽകി ഭാവനാ കാന്തിനെ ആദരിച്ചിരുന്നു.